# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 08.06.2025** **TIME:12.50PM**

## പ്രധാന വാർത്തകൾ

1. വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ സ്ത്രീകൾ വഹിച്ച പരിവർത്തനാത്മക പങ്കിനെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi praises the transformative role played by women in the journey to a developed India.**

2. വടക്കു - കിഴക്കൻ സംസ്ഥാനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു.

   **Union Minister Kiren Rijiju says that a big change has been made in the infrastructure development of the North-Eastern states.**

3. വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഒരാഴ്ചത്തെ ഫ്രാൻസ്- ബെൽജിയം സന്ദർശനത്തിനായി ഇന്ന് പുറപ്പെടും.

   **External Affairs Minister S Jaishankar will leave for a week-long visit to France and Belgium today.**

4. നിലമ്പൂരിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിക്ക് നാടിന്റെ അന്ത്യാഞ്ജലി. സംഭവത്തിൽ സമഗ്ര അന്വേഷണം ഉണ്ടാകുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

   **The last respects to the student who died of shock in Nilambur. Minister AK Saseendran says that there will be a thorough investigation into the incident.**

5. ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻഷു ശുക്ലയുൾപ്പെടുന്ന സംഘത്തിന്റെ ബഹിരാകാശ യാത്ര മറ്റന്നാൾ ആരംഭിക്കും.

**The space mission of the team including Indian astronaut Subhanshu Shukla will begin the day after tomorrow.**

6. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ സിന്നർ- അൽകാരസ് പോരാട്ടം ഇന്ന്.

**Sinner-Alcaraz clash in the French Open tennis men's singles final today.**

**&&&&&&&&&&&&&&&**

## HEADLINE 1

## PM NARI SHAKTI

വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ സ്ത്രീകൾ വഹിച്ച പരിവർത്തനാത്മക പങ്കിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രകീർത്തിച്ചു. കേന്ദ്രത്തിലെ എൻഡിഎ സർക്കാർ 11 വർഷം അധികാരത്തിൽ തികയുമ്പോൾ, ശാസ്ത്രം, വിദ്യാഭ്യാസം, കായികം, സ്റ്റാർട്ടപ്പുകൾ, സായുധ സേനകൾ എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീകൾ മികവ് പുലർത്തി. നിരവധി സംരംഭങ്ങളിലൂടെ എൻഡിഎ സർക്കാർ സ്ത്രീകൾ നയിക്കുന്ന വികസനം പുനർനിർവചിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. സ്വച്ഛ് ഭാരത് അഭിയാൻ വഴി അന്തസ്സ് ഉറപ്പാക്കൽ, ജൻ ധൻ അക്കൗണ്ടുകൾ വഴി സാമ്പത്തിക ഉൾപ്പെടുത്തൽ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം സ്ത്രീകളുടെ പേരിൽ വീടുകൾ നൽകുന്നത് അവരുടെ സുരക്ഷയും ശാക്തീകരണവും ഉറപ്പാക്കി. പെൺകുട്ടികളെ സംരക്ഷിക്കുന്ന ബേട്ടി ബച്ചാവോ ബേട്ടി പഠാവോ കാമ്പെയ്നെയും പ്രധാനമന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&

## PM-CDRI

മുന്നറിയിപ്പ് സംവിധാനങ്ങളുടെ ശാക്തീകരണം മികച്ച ധന ലഭ്യത, ഏകോപനം എന്നിവയിലൂടെ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ട-തുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള അന്താരാഷ്ട്ര സമ്മേളനമായ സിഡിആർഐ 2025 നെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകമെമ്പാടുമുള്ള തീര മേഖലകൾ, ദ്വീപ് സമൂഹങ്ങൾ എന്നിവ കാലാവസ്ഥ വ്യതിയാനം മൂലം വലിയ വെല്ലുവിളികൾ നേരിടുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&

## HEADLINE 2

## KIREN RIJIJU- INTRO

പ്രധാന മന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ വടക്കു - കിഴക്കൻ സംസ്ഥാനങ്ങളുമായി ബന്ധപെട്ട് നിലനിന്നിരുന്ന ധാരണകൾ തിരുത്തിയതായി മന്ത്രി കിരൺ റിജിജു. വടക്കു-കിഴക്കൻ മേഖലയിൽ ഹൈവേകൾ, റെയിൽവേ, വിമാനത്താവളങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതായും മന്ത്രി പറഞ്ഞു. നരേന്ദ്രമോദി സർക്കാർ 11 വർഷം പൂർത്തിയാക്കിയ വേളയിൽ ദൂരദർശന് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് ശ്രീ റിജിജു ഇക്കാര്യം വ്യക്തമാക്കിയത്.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## NE- INSPECTION

മിസോറാമിൽ, നോർത്ത് ഈസ്റ്റ് ഫ്രോണ്ടിയർ റെയിൽവേ സെക്ഷനിൽ പുതുതായി നിർമ്മിച്ച ബൈറാബി-സൈറാംഗ് റെയിൽവേ ലൈനിന്റെ സുരക്ഷാ പരിശോധന റെയിൽവേ സേഫ്റ്റി കമ്മീഷണർ ആരംഭിച്ചു. വടക്കു-കിഴക്കൻ മേഖലയിലെ കണക്റ്റിവിറ്റിയും സാമ്പത്തിക സംയോജനവും വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ ആക്ട് ഈസ്റ്റ് നയത്തിന് കീഴിലുള്ള പ്രധാന അടിസ്ഥാന സൗകര്യ സംരംഭമാണിത്. 51.38 കിലോമീറ്റർ ദൈർഘ്യമുള്ള പാത ഈ മാസത്തോടെ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നതായി എൻ.ആർ.എഫ്. ഉദ്യോഗസ്ഥർ പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE 3

## S- JAISHANKAR

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് ഫ്രാൻസ്, യൂറോപ്യൻ യൂണിയൻ, ബെൽജിയം എന്നിവിടങ്ങളിലേക്ക് ഏഴ് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പുറപ്പെടും. ഫ്രാൻസ് സന്ദർശന വേളയിൽ, ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ നോയൽ ബാരട്ടുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. അതേസമയം, യൂറോപ്യൻ യൂണിയൻ സന്ദർശന വേളയിൽ, ഡോ. ജയ്ശങ്കർ യൂറോപ്യൻ യൂണിയൻ ഉന്നത പ്രതിനിധിയും വൈസ് പ്രസിഡന്റുമായ കാജ കല്ലാസുമായി ചർച്ച നടത്തും. യൂറോപ്യൻ യൂണിയൻ, ഫ്രാൻസ്, ബെൽജിയം എന്നിവയുമായുള്ള ഇന്ത്യയുടെ സൗഹൃദബന്ധം കൂടുതൽ ആഴത്തിലാക്കാൻ ഈ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&

## HEADLINE 5

### SHUKLA AXIOM-4 MISSION

ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻഷു ശുക്ലയുൾപ്പെടുന്ന നാൽവർ സംഘത്തിന്റെ ബഹിരാകാശ യാത്ര മറ്റന്നാൾ ആരംഭിക്കും. ആക്സിയം 4 ദൗത്യം, നാസയുടെ കെന്നഡി സ്പേസ് സെന്ററിൽ നിന്നാണ് യാത്ര തിരിക്കുന്നത്. ബുധനാഴ്ച രാത്രിയോടെ സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തും. നാസയുടെ പിന്തുണയോടെ ഐ എസ്ആർഒയും ബയോടെക്നോളജി വകുപ്പും സഹകരിച്ച് വികസിപ്പിച്ചെടുത്ത പ്രത്യേക ഭക്ഷണ, പോഷകാഹാര പരീക്ഷണങ്ങൾ നടത്താനാണ് ശുക്ലയുടെ പദ്ധതി.

&&&&&&&&&&&&&&&

### TELANGANA - MoS HOME

കേന്ദ്ര സർക്കാർ റോഡ് നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും മുൻതൂക്കം നൽകുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബി. സഞ്ജയ് കുമാർ. ഇതിന്റെ ഭാഗമായി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തെലങ്കാനയിലെ കരിംനഗർ ലോക്സഭാ മണ്ഡലത്തിൽ 31 കോടിയിലധികം രൂപയുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായി അദ്ദേഹം പറഞ്ഞു. ആസിഫ് നഗറിൽ നടന്ന ഒരു ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

### MANIPUR - INTERNET SERVICES

മണിപ്പൂർ താഴ്‌വരയിലെ അഞ്ച് ജില്ലകളിൽ ഇന്നലെ അർധരാത്രി മുതൽ അഞ്ച് ദിവസത്തേക്ക് ഇന്റർനെറ്റ്, മൊബൈൽ ഡാറ്റ സേവനങ്ങൾ നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവിട്ടു. ഇംഫാൽ വെസ്റ്റ്, ഇംഫാൽ ഈസ്റ്റ്, തൗബൽ, ബിഷ്ണുപൂർ, കാക്ചിംഗ് എന്നീ ജില്ലകളിലാണ് നിയന്ത്രണം. സമൂഹമാധ്യമങ്ങളിൽ വിദ്വേഷകരമായ ഉള്ളടക്കം പ്രചരിപ്പിക്കുന്നത് തടയുന്നത് ലക്ഷ്യമിട്ടാണ് നടപടി. മെയ്തി സംഘടന നേതാവായ അരംബായി തെങ്കോളിനെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ഇന്നലെ രാത്രി ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ് ജില്ലകളിലുണ്ടായ പ്രതിഷേധങ്ങളെ തുടർന്നാണ് ഉത്തരവ്.

&&&&&&&&&&&&&&&&

## OCEAN DAY

ഇന്ന് ലോക സമുദ്ര ദിനം. സമുദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടാനാണ് എല്ലാ വർഷവും ജൂൺ 8 സമുദ്ര ദിനമായി ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ സമുദ്ര സമ്മേളനം ഈ മാസം 13 വരെ ഫ്രാൻസിലെ തീരദേശ നഗരമായ നീസിൽ നടക്കും. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രി ജിതേന്ദ്ര സിംഗിൻ്റെ നേതൃത്വത്തിൽ ഇന്ത്യൻ ഉന്നതതല പ്രതിനിധി സംഘം സമ്മേളനത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## ALL PARTY DELEGATION- INTRO

ബിജെപി എംപി രവിശങ്കർ പ്രസാദ് നേതൃത്വം നൽകുന്ന പാർലമെന്ററി സർവകക്ഷി സംഘത്തിന്റെ ജർമ്മൻ സന്ദർശനം പൂർത്തിയായി. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാടിനു വലിയ പിന്തുണയാണ് ജർമ്മനിയിൽ നിന്നും ലഭിച്ചത്. ജർമ്മൻ ഭരണ നേതൃത്വം,

പാർലമെന്റ് എന്നിവയിൽ നിന്നുള്ള മുതിർന്ന പ്രതിനിധികളുമായി ഇന്ത്യൻ സർവകക്ഷി സംഘം കൂടിക്കാഴ്ച നടത്തി. ലോകത്ത് എവിടെ ഉണ്ടാകുന്ന ഭീകരാക്രമണത്തിന് പിന്നിലും പാക്കിസ്ഥാനിൽ നിന്നുള്ളതോ, അവിടെ പരിശീലനം ലഭിച്ചതോ ആയ ഭീകരരുടെ സാന്നിധ്യം കാണാൻ ആകുമെന്ന് രവിശങ്കർ പ്രസാദ് അഭിപ്രായപ്പെട്ടു.

(വോയ്സ്)

&&&&&&&&&&&&&&&

## HEADLINE 4

## NILAMBUR - ELECTRIC FENCE

നിലമ്പൂരിൽ പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിയുടെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം നടക്കും. മൃതദേഹം വഴിക്കടവ് മണിമൂളി സ്കൂളിലെ പൊതുദർശനത്തിന് ശേഷം വീട്ടിലെത്തിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിലാണ് പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കിയത്. സംഭവം ക്രൈംബ്രാഞ്ച് അന്വേഷിക്കും, മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പിക്കാണ് അന്വേഷണ ചുമതല. വെള്ളക്കട്ട സ്വദേശി വിനീഷിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്നലെ രാത്രിയാണ് പത്താം ക്ലാസ് വിദ്യാർഥി അനന്തു പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന രണ്ടുകുട്ടികൾക്കും ഷോക്കേറ്റു. സംഭവം തികച്ചും ദാരുണമെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം ഉണ്ടാകുമെന്നും വിഷയത്തിൽ വനംവകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്നും

അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചന ഉണ്ടോ എന്നത് അന്വേഷണ ഏജൻസികൾ പരിശോധിക്കുമെന്നും മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി.

&&&&&&&&&&&&&&&

## NILAMBUR ELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ നടക്കും. ചെലവ് നിരീക്ഷകനായ അംഗിത് ആനന്ദ് സ്ഥാനാർത്ഥികളുടെ ഓരോ ദിവസത്തെയും കണക്ക് സംബന്ധിച്ച് ഈ മാസം 10,13,17 തിയതികളിൽ പരിശോധന നടത്തും. ഈ മാസം 19 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&

## TRAWLING IN KERALA

കേരളത്തിൽ ട്രോളിങ് നിരോധനം നാളെ അർധരാത്രി നിലവിൽ വരും. ജൂലൈ 31 അർധരാത്രി 12 മണി വരെ 52 ദിവസമാണ് നിരോധനം. തീരക്കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല.

&&&&&&&&&&&&&&&

## HEADLINE 6

## FRENCH OPEN

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും ഇന്ന് ഏറ്റുമുട്ടും. ഇന്ത്യൻ സമയം വൈകുന്നേരം 6.30 നാണ് മത്സരം ആരംഭിക്കുക. വനിതാ ഡബിൾസ് ഫൈനലിൽ സാറ എറാനി-ജാസ്മിൻ സഖ്യം അന്ന - അലക്സാന്ദ്ര സഖ്യത്തെ നേരിടും. ഇന്നലെ നടന്ന വനിതാ സിംഗിൾസ് ഫൈനലിൽ അമേരിക്കയുടെ കൊക്കോ ഗൗഫ് കിരീടം നേടി.

&&&&&&&&&&&&&&&&

## LA- RIOT

മതിയായ രേഖകളില്ലാത്ത കുടിയേറ്റക്കാർക്കെതിരായ നടപടികളെത്തുടർന്നുണ്ടായ സ്ഥിതിഗതി നിയന്ത്രിക്കാൻ ലോസ് ഏഞ്ചൽസിൽ 2,000 നാഷണൽ ഗാർഡ് സൈനികരെ വിന്യസിക്കാൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടു. പ്രധാനമായും ലാറ്റിനോ ജില്ലയിലുള്ളവർ അക്രമാസക്തരായതോടെ ഇന്നലെ രാത്രി നഗരം രണ്ടാം ദിവസവും ശാന്തമായിരുന്നില്ല. ഇതിനെ തുടർന്നാണ് സുരക്ഷാ ശക്തമാക്കിയത്.

&&&&&&&&&&&&&&&&

## RUSSIA- UKRAINE PRISONER SWAP

കീവ് തടവുകാരുടെ കൈമാറ്റം വൈകിപ്പിക്കുകയാണെന്ന റഷ്യയുടെ അവകാശവാദം യുക്രെയ്ൻ നിഷേധിച്ചു. കൈമാറ്റത്തിനായി തടവുകാരുടെ പട്ടിക യുക്രെയ്ൻ റഷ്യയ്ക്ക് കൈമാറിയെങ്കിലും കൈമാറ്റ മാനദണ്ഡങ്ങൾ പാലിക്കാത്ത വ്യത്യസ്ത പട്ടികകൾ റഷ്യ സമർപ്പിച്ചിട്ടുണ്ടെന്ന് യുക്രെയ്ൻ ആരോപിച്ചു. ഈ മാസം 2 ന് ഇസ്താംബൂളിൽ

നടന്ന രണ്ടാം റൗണ്ട് നേരിട്ടുള്ള സമാധാന ചർച്ചകളിൽ, ഈ വാരാന്ത്യത്തിൽ കൂടുതൽ തടവുകാരെ കൈമാറാൻ റഷ്യയും യുക്രെയ്നും സമ്മതിച്ചിരുന്നു.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&